പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2417 — 19.07.2016 ൽ മറുപടിക്ക്

## എം.സി റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) മെയിൻ സെൻട്രൽ റോഡിൽ ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗങ്ങളിൽ വാഹനാപകടങ്ങളുടെ നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭാഗത്തെ അപകടങ്ങളുടെ കാരണങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ; | (ബി) | ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധന നടത്തി വരുന്നുണ്ട്.<br>മെയിൻ സെൻട്രൽ റോഡിൽ ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗം ഉൾപ്പെടുന്ന കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്തെപ്പറ്റി കൂടുതൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ റോഡ് ഭാഗത്തെ ഒരു മാതൃകാ സുരക്ഷാപാത (Safe Corridor Demonstration Project) ആയി വികസിപ്പിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാവിധ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ |

ഏർപ്പെടുത്തുന്നതിനും തൈക്കോട് മുതൽ അടൂർ വരെയുള്ള ഭാഗത്തെ ഉപരിതലം പുതുക്കുന്നതിനുമായി 167 കോടി രൂപയുട എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്.<br>കൂടാതെ കെ.എസ്.ടി.പിയുടെ ഫണ്ട് ഉപയോഗിച്ച് സൈൻ ബോർഡ് സ്ഥാപിക്കൽ, റോഡ് മാർക്കിംഗ്സ്, റോഡ് സ്റ്റഡ്സ് സ്ഥാപിക്കൽ തുടങ്ങിയ സേഫ്റ്റി പണികൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ